<u>ആയുർവേദ മെഡിക്കൽവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം</u>

<u>ആരോഗ്യഭവൻ എം ജി റോഡ്,തിരുവനന്തപുരം</u>

<u>2026-27 അധ്യയന വർഷത്തെ ആയുർവേദ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിലേക്കുള്ള പ്രവേശനം</u>

**<u>സംസ്ഥാനതല പ്രസിദ്ധീകരണത്തിന്</u>**

പി1/656/2026/ഡി എ എം ഇ                    തീയതി 22-07-2026

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഉള്ള സർക്കാർ/ എയിഡഡ്/ സ്വാശ്രയ ആയുർവേദ കോളേജുകളിൽ 2026-27 അധ്യയന വർഷത്തെ ആയുർവേദ പാരാ മെഡിക്കൽ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു. ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി, ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സുകൾക്ക് പ്ലസ് 2 യോഗ്യതയുള്ള വിദ്യാർത്ഥികൾക്കും, ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ് കോഴ്സിനു ജനറൽ നഴ്സിംഗ് പാസ്സായ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്.

ജൂലൈ 20 മുതൽ ആഗസ്റ്റ് 5 വരെ എൽ. ബി എസ് സെന്ററിന്റെ ഓൺലൈൻ സൈറ്റ് വഴി അപേക്ഷിക്കാവുന്നതാണ്. അപേക്ഷാ ഫോറവും വിശദ വിവരങ്ങൾ അടങ്ങിയ പ്രോസ്പെക്ടസും **<u>www.lbscentre.kerala.gov.in.</u>** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഫീസ് 1000/-രൂപ (എസ്സി/എസ്റ്റി വിഭാഗക്കാർക്ക് 500/-രൂപ ) അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് വിശദമായി വായിച്ച് നിർദേശങ്ങൾ അപേക്ഷാർഥികൾ ശ്രദ്ധിച്ചു മനസിലാക്കേണ്ടതാണ്.

പ്രവേശനം പൂർണ്ണമായും ഓൺലൈൻ വഴിയാണ് നടക്കുന്നത്. അപേക്ഷ സമർപ്പിക്കുന്നതിനും വിശദമായ വിവരങ്ങൾക്കും എൽ.ബി.എസ് സെന്ററിന്റെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കുക: www.lbscentre.kerala.gov.in

**കൂടുതൽ വിവരങ്ങൾക്ക് 0471 2324396,2560327 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.**

**ഡയറക്ടർ**



File No. DAME/656/2026-P1 (Computer No. 251800)

Generated from eOffice by ANIL KUMAR M, P 1 DAME., P1 DAME, DIRECTORATE OF AYURVEDA MEDICAL EDUCATION on 23/07/2026 11:24 AM